കടയ്ക്കലിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

49 [133] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് എത്ര ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട് എന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ചടയമംഗലം നിയോജകമണ്ഡലത്തിൽപ്പെട്ട കടയ്ക്കലിൽ അനുവദിച്ച ഫയർ സ്റ്റേഷൻ പ്രവർത്തനക്ഷമമാകുന്നതിലേക്ക് ആവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് അറിയിക്കാമോ;

(ഡി) ഗ്രാമപഞ്ചായത്ത്, ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശപ്രകാരം ഒരുക്കിയ താൽക്കാലിക സൗകര്യങ്ങളും സ്ഥിരമായി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലവും ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്നത്തേക്ക് ഏറ്റെടുക്കും;

(എഫ്) കേരള സർക്കാരിന്റെ 100 ദിവസത്തെ കർമ്മപരിപാടിയുടെ ഭാഗമായി കടയ്ക്കൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ ഫയർ ആന്റ് റെസക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി 31 സ്ഥലപ്പേരുകൾ ഉൾപ്പെടുത്തി ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നെടുമങ്ങാട്, പാറശ്ശാല, മാനന്തവാടി എന്നിവിടങ്ങളിലായി 3 എണ്ണം തുറക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പരിശോധിച്ചുവരികയാണ്.

(ഡി) ഇല്ല.

(ഇ) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും വാഹനങ്ങളും മറ്റുപകരണങ്ങളും വാങ്ങുന്നതിനുമുള്ള അനുമതി ലഭിച്ചശേഷം സ്ഥലം ഏറ്റെടുക്കാവുന്നതാണ്.

(എഫ്) 100 ദിവസത്തെ പരിപാടി ഡിസംബർ 17-ന് തീരുകയാണ്. ഒരു വർഷത്തെ പരിപാടിയിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly